സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

നടപടിക്രമം

സാങ്കേതിക വിദ്യാഭ്യാസം- ശ്രീമതി ഷെറിൻ ഗ്രീനൽ, ആർക്കിടെക്ചർ എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ, സർക്കാർ പോളിടെക്നിക്ക് കോളേജ്, അടൂർ- സ്ഥലം മാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (സി) വിഭാഗം

നം. DTETVM/7419/2024-EC1 (EC) തിരുവനന്തപുരം 07-11-2024

---

വായന:- 1. 25.02.2017 ലെ സ.ഉ.(പി ). നം.3/2017/ഉഭപ

2. 08.08.2019 ലെ കേരള സർക്കാർ ധനകാര്യ (റൂൾസ് എ) വകുപ്പിന്റെ സർക്കുലർ നമ്പർ.72/2019/ധന.

3. 31.07.2024 തീയതിയിലെ ശ്രീമതി ഷെറിൻ ഗ്രീനൽ, ആർക്കിടെക്ചർ എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ സമർപ്പിച്ച അപേക്ഷ

4. ശ്രീമതി ഷെറിൻ ഗ്രീനൽ, ആർക്കിടെക്ചർ എഞ്ചിനീയറിംഗ് വിഭാഗം ലക്ചററുടെ മാതാവ് ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം സമർപ്പിച്ച 23.08.2024 തീയതിയിലെ അപേക്ഷ

ഉത്തരവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അടൂർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ **ആർക്കിടെക്ചർ എഞ്ചിനീയറിംഗ്** വിഭാഗം ലക്ചറർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ഷെറിൻ ഗ്രീനൽ, ടിയാരി ഇപ്പോൾ 20.10.2024 വരെ പ്രസവാവധിയിൽ ആണെന്നും ടിയാരിയുടെ മാതാവിന് stage 4 colon cancer സ്ഥിരീകരിച്ചതിനെ തുടർന്നു മെയ് മുതൽ ചികിത്സയിലാണെന്നും മാതാവിൻറെ ആരോഗ്യ നില വളരെ മോശമായതിനാലും കീമോ തുടങ്ങിയ ചികിത്സയ്ക്കും ശുശ്രൂഷകൾക്കും സംരക്ഷണത്തിനും ടിയാരിയുടെ സാന്നിധ്യം അനിവാര്യമാണെന്നും മറ്റാരും സംരക്ഷണത്തിന് ഇല്ലാത്തതിനാലും മേൽ സാഹചര്യത്തിൽ അനുകമ്പാർഹമായ കാരണങ്ങൾ പ്രകാരം, മാതാവിൻറെയും ടിയാരിയുടെയും താമസസ്ഥലമായ എറണാകുളം ജില്ലയിലുള്ള കളമശ്ശേരി GWPTC ലേക്ക് സ്ഥലം മാറ്റത്തിന് ഉത്തരവുണ്ടാകുമാറാകണമെന്ന് വായന 3 പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ഇതേ വിഷയത്തിൽ ടിയാരിയുടെ മാതാവ് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ഓഫീസ് മുഖാന്തിരവും വായന 4 പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ടി അപേക്ഷ പരിശോധിച്ചതിൽ, കളമശ്ശേരി സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജിൽ ആർക്കിടെക്ചർ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിൽ ഒഴിവുള്ള ഹെഡ് ഓഫ് സെക്ഷൻ തസ്തികയിൽ ശ്രീമതി ഷെറിൻ ഗ്രീനലിൻറെ അപേക്ഷയിന്മേൽ മാനുഷികപരിഗണന നൽകിക്കൊണ്ടും അനുകമ്പാർഹമായി പരിഗണിച്ചു കൊണ്ടും താല്ക്കാലികമായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

പ്രസ്തുത ഹെഡ് ഓഫ് സെക്ഷൻ തസ്തിക നികത്തപ്പെടുന്നതു വരെ മാത്രമായിരിക്കും ടി ഉത്തരവിന് പ്രാബല്യമുണ്ടായിരിക്കുക. ടി ഹെഡ് ഓഫ് സെക്ഷൻ തസ്തിക നികത്തപ്പെടുന്ന മുറയ്ക്ക് ടിയാരിയെ പൂർവ്വസ്ഥിതിയിൽ നിയമിക്കപ്പെടുന്നതായിരിക്കും.

സ്ഥലം മാറ്റം ലഭിച്ച ജീവനക്കാരിക്ക് അനുവദനീയമായ സ്ഥലം മാറ്റത്തിനുള്ള യാത്രപ്പടിയ്ക്ക് അർഹതയുണ്ടായിരിക്കും. ബന്ധപ്പെട്ട സ്ഥാപന മേധാവി ജീവനക്കാരിയെ ഉടൻ വിടുതൽ ചെയ്യേണ്ടതും ടി ജീവനക്കാരി ഉടൻ തന്നെ ജോലിയിൽ പ്രവേശിക്കേണ്ടതും ആണ്. വിടുതൽ/ചേരും കാലം യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

SHALIJ P R
DIRECTOR

To

1.ബന്ധപ്പെട്ട ജീവനക്കാരി/ സ്ഥാപന മേധാവി (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ് സൈറ്റ് മുഖാന്തിരം

2.കരുതൽ ഫയൽ

Signed by
Shalij P R
Date: 07-11-2024 21:48:54

3.ഓഫീസ് പകർപ്പ്